# കേരള നിയമസഭ
# 04.02.2014–ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം
2014 ഫെബ്രുവരി 4, ചൊവ്വ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ– 30)

| മറുപടി നൽകുന്ന മന്ത്രിമാർ |
|---|
| വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| റവന്യൂവും കയറും വകുപ്പുമന്ത്രി |
| ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| പൊതുമരാമത്ത് വകുപ്പുമന്ത്രി |

## ഇ–ടെണ്ടർ ബഹിഷ്കരിച്ച കരാറുകാർ

*391 ശ്രീമതി കെ.എസ്. സലീഖ
ശ്രീ. എ. പ്രദീപ് കുമാർ
,, കെ.വി. അബ്ദുൾ ഖാദർ
,, കെ. കുഞ്ഞിരാമൻ(ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ ക്രിസ്തുമസ്സിന് പൊതുവിതരണ കേന്ദ്രങ്ങളിലൂടെ വിതരണം ചെയ്യുന്നതിനുള്ള വസ്തുക്കൾ ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഇ–ടെണ്ടർ മൊത്ത വിതരണ കരാറുകാർ കൂട്ടത്തോടെ ബഹിഷ്കരിക്കുകയുണ്ടായോ;

(ബി) ടെണ്ടർ ബഹിഷ്കരിച്ച കരാറുകാരെ കരിമ്പട്ടികയിൽപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പിന്നീട് നടന്ന ടെണ്ടറിൽ ഇതേ വിതരണക്കാർ പങ്കെടുക്കാൻ ഇടയായത് എന്തുകൊണ്ട് എന്ന് വിശദമാക്കാമോ;

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

(ഡി) സപ്ലൈകോ നേരിട്ട് സാധനങ്ങൾ വാങ്ങുന്നതിന് ഉദ്യോഗസ്ഥർ അന്യ സംസ്ഥാനങ്ങളിലേക്ക് പോയതിനു ശേഷം മൊത്തവിതരണക്കാരുമായി കരാറിലേർപ്പെടാൻ ഉണ്ടായ സാഹചര്യം വ്യക്തമാക്കാമോ;

(ഇ) ഇത് കോർപ്പറേഷന് എത്ര സാമ്പത്തിക നഷ്ടവും കാലതാമസവും ഉണ്ടാക്കിയിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(എഫ്) ഇക്കാര്യത്തിൽ ഉദ്യോഗസ്ഥർ കരാറുകാരുമായി ഒത്തുകളി നടത്തിയിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 04.02.2014–ലെ മറുപടിക്ക്

ദുരന്തനിവാരണസംവിധാനം ആരംഭിക്കുന്നതിനുള്ള നടപടി

*392 ശ്രീ. വി. പി. സജീന്ദ്രൻ
,, വർക്കല കഹാർ
,, ജോസഫ് വാഴക്കൻ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദുരന്തനിവാരണ അതോറിറ്റിയുടെ കീഴിൽ ദുരന്തനിവാരണസംവിധാനം ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഏതെല്ലാം വകുപ്പുകളാണ് ഇതിന്റെ പ്രവർത്തനവുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

പൊതുവിദ്യാഭ്യാസം സംരക്ഷിക്കാൻ നടപടി

*393 ശ്രീ. റ്റി. യു. കുരുവിള
,, മോൻസ് ജോസഫ്
,, തോമസ് ഉണ്ണിയാടൻ
,, സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാജ്യത്തിന് മാതൃകയായി പൊതുവിദ്യാഭ്യാസം സംരക്ഷിക്കുവാൻ ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി എയ്ഡഡ് സ്കൂൾ, കോളേജുകളിലെ അദ്ധ്യാപക നിയമനം അംഗീകരിക്കുന്നതിൽ കാലതാമസം വരുന്നത് ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 04.02.2014–ലെ മറുപടിക്ക്

<u>റോഡുകളുടെ നിലവാരം</u>

*394 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡുകളുടെ നിലവാരം ഉയർത്തുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എത്ര കിലോമീറ്റർ റോഡാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(ഡി) ഈ പദ്ധതിയുടെ മതിപ്പ് ചെലവ് എത്രയാണ് ; വിശദമാക്കുമോ ;

(ഇ) പദ്ധതി നടപ്പാക്കുന്നതിന് ഏതെല്ലാം ഏജൻസികളാണ് ധനസഹായം നൽകുന്നത് എന്നറിയിക്കുമോ ?

# കേരള നിയമസഭ
## 04.02.2014–ലെ മറുപടിക്ക്

<u>മാവേലി ഹോട്ടലുകള്‍</u>

*395 ശ്രീ. സണ്ണി ജോസഫ്
,, സി. പി. മുഹമ്മദ്
,, തേറമ്പില്‍ രാമകൃഷ്ണന്‍
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മാവേലി ഹോട്ടലുകള്‍ പുനരാരംഭിക്കുവാന്‍ പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ വിശദമാക്കുമോ;

(സി) എന്തെല്ലാം കേന്ദ്രസഹായമാണ് ഇതിനായി ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇവ നടപ്പാക്കുന്നതില്‍ എത്ര മാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

ഭക്ഷണശാലകളിലെ വില ഏകീകരണം

*396 ശ്രീമതി ജമീലാ പ്രകാശം
ശ്രീ. മാത്യു റ്റി തോമസ്
,, സി. കെ. നാണു
,, ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭക്ഷണ ശാലകളിൽ ഏകീകരിച്ച വിലനിരക്ക് സമ്പ്രദായം നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) വിലക്കയറ്റത്തിന്റെ മറവിൽ ഉപഭോക്താക്കളെ അമിതമായി ചൂഷണം ചെയ്യുന്ന ഹോട്ടൽ ഉടമകൾക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

ആധുനിക സംവിധാനങ്ങളുപയോഗിച്ചുള്ള സർവ്വേ നടപടികൾ

*397 ശ്രീ. റ്റി. എൻ. പ്രതാപൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, കെ. ശിവദാസൻ നായർ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആധുനിക സർവ്വേ സംവിധാനങ്ങളുപയോഗിച്ച് സർവ്വേ നടത്തുന്നതിനു പരിശീലനം നൽകാൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇതുമൂലം എന്തെല്ലാം സൗകര്യങ്ങളാണു ജനങ്ങൾക്കു ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുതരീതിയിൽ സർവ്വേ നടത്തുന്നതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

വിദ്യാഭ്യാസ വകുപ്പിൽ നൂൺമീൽ സൂപ്പർവൈസർ

*398 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, പി. കെ. ഗുരുദാസൻ
ശ്രീമതി കെ. എസ്. സലീഖ
ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിൽ നൂൺമീൽ സൂപ്പർവൈസർമാരെ നിയമിക്കാനുള്ള എന്തെങ്കിലും നിർദ്ദേശം കേന്ദ്ര സർക്കാർ നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൻപ്രകാരം നിയമനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(സി) ഇത്തരം നിയമനങ്ങളുടെ മാനദണ്ഡങ്ങൾ എന്താണ്; നിയമനം സംബന്ധിച്ച് ക്രമക്കേടുകൾ ഒഴിവാക്കിക്കൊണ്ടും കുറ്റമറ്റ രീതിയിലും നിയമനം നടത്തുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>കോളേജ് ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം</u>

*399 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഐ. സി. ബാലകൃഷ്ണൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോളേജ് ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ;

(സി) ഏതെല്ലാം കോളേജുകളിലാണ് ഇത് നടപ്പിലാക്കാനുദ്ദേശിക്കുന്നത്;

(ഡി) നാക് റേറ്റിംഗ് ലഭിക്കുന്നതിന് പ്രസ്തുത പദ്ധതി എത്രമാത്രം സഹായകരമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>അംഗീകൃത അണ്‍എയ്ഡഡ് സ്കൂളുകളിലെ ജീവനക്കാരുടെ സേവന - വേതന വ്യവസ്ഥകള്‍</u>

*400 ശ്രീ. മുല്ലക്കര രത്നാകരന്‍
,, വി. എസ്. സുനില്‍ കുമാര്‍
,, ഇ. കെ. വിജയന്‍
,, കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അംഗീകൃത അണ്‍എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകര്‍, മറ്റു ജീവനക്കാര്‍ എന്നിവരുടെ സേവന - വേതന വ്യവസ്ഥകള്‍ ഉറപ്പാക്കുന്നതിന് പ്രത്യേക നിയമ നിര്‍മ്മാണം നടത്തുവാന്‍ ഉദ്ദേശിക്കുന്നുണ്ടോ; എങ്കില്‍ അതിനുള്ള നടപടികള്‍ ഏതു വരെയായി;

(ബി) ഇത്തരം വിദ്യാലയങ്ങളിലെ അദ്ധ്യാപകര്‍ക്കും മറ്റു ജീവനക്കാര്‍ക്കും വളരെ തുച്ഛമായ വേതനമാണ് സ്കൂള്‍ മാനേജുമെന്റുകള്‍ നല്‍കുന്നതെന്ന വിവരം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ ഈ ചൂഷണം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് അണ്‍ എയ്ഡഡ് സ്കൂളുകളില്‍ അദ്ധ്യാപകരുടേയും മറ്റു ജീവനക്കാരുടേയും സംഘടനകള്‍ പ്രവര്‍ത്തിക്കുന്നതായി സര്‍ക്കാരിനറിയാമോ; എങ്കില്‍ സര്‍ക്കാര്‍ അംഗീകാരത്തോടെ ഈ മേഖലയില്‍ ഏതൊക്കെ സംഘടനകളാണ് സംസ്ഥാന തലത്തില്‍ പ്രവര്‍ത്തിക്കുന്നതെന്നു വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 04.02.2014–ലെ മറുപടിക്ക്
<u>അംഗീകാരമില്ലാതെ പ്രവര്‍ത്തിക്കുന്ന സ്കൂളുകള്‍</u>

*401 ശ്രീ. എം. ഹംസ
'' എം. എ. ബേബി
'' പി. ശ്രീരാമകൃഷ്ണന്‍
'' പുരുഷന്‍ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ദേശീയ വിദ്യാഭ്യാസ അവകാശ നിയമപ്രകാരം അനധികൃത വിദ്യാലയങ്ങളുടെ പ്രവര്‍ത്തനം അനുവദനീയമാണോ; എങ്കില്‍ ഇത്തരം സ്ഥാപനങ്ങള്‍ക്കെതിരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) ഈ വിധത്തില്‍ സംസ്ഥാനത്ത് പ്രവര്‍ത്തിക്കുന്ന ആയിരത്തിലധികം വരുന്ന അനധികൃത സ്കൂളുകള്‍ക്ക് അംഗീകാരം നല്കുന്നതിന് സര്‍ക്കാര്‍ തീരുമാനിച്ചിട്ടുണ്ടോ; മാനദണ്ഡങ്ങള്‍ ഒന്നും തന്നെ പാലിക്കാതെ പ്രവര്‍ത്തിക്കുന്ന ഇത്തരം സ്കുളുകള്‍ക്ക് അംഗീകാരം നല്‍കുന്നത് ചട്ടപ്രകാരമാണോ;

(സി) ഇത്തരം അനധികൃത സ്കൂളുകള്‍, തൊട്ടടുത്ത് വര്‍ഷങ്ങളായി പ്രവര്‍ത്തിച്ചുവരുന്ന സര്‍ക്കാര്‍ സ്കൂളുകളുടെ പ്രവര്‍ത്തനത്തെ പ്രതികൂലമായി ബാധിക്കുന്ന കാര്യം അറിവുള്ളതാണോ;

(ഡി) അനധികൃത വിദ്യാലയങ്ങള്‍ക്ക് അംഗീകാരം നല്‍കാനുള്ള തീരുമാനം പൊതുവിദ്യാഭ്യാസ മേഖലയെ കൂടുതല്‍ പ്രതിസന്ധിയിലേക്കു നയിക്കും എന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

## കേരള നിയമസഭ
## 04.02.2014–ലെ മറുപടിക്ക്
പ്രകൃതി - സൗഹൃത കെട്ടിട നിർമ്മാണം

*402 ശ്രീ. എം. ഉമ്മർ
'' കെ. എൻ. എ. ഖാദർ
'' അബ്ദുറഹിമാൻ രണ്ടത്താണി
'' പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രീൻ ബിൽഡിംഗ് പോളിസിയിൽ കെട്ടിട നിർമ്മാണം പ്രകൃതി സൗഹൃദമാക്കാൻ എന്തൊക്കെ മാറ്റങ്ങളാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) സ്വകാര്യവ്യക്തികൾ നിർമ്മിക്കുന്ന പുതിയ കെട്ടിടങ്ങൾ പ്രകൃതിസൗഹൃദമാക്കി നിർമ്മിക്കുന്നതിന് പ്രോത്സാഹനാർത്ഥം എന്തെങ്കിലും സഹായം നല്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
## 04.02.2014–ലെ മറുപടിക്ക്

മണൽ ശേഖരണവും വിതരണവും

*403 ശ്രീ. കെ. രാധാകൃഷ്ണൻ
ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. എ.കെ. ബാലൻ
ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മണൽ ശേഖരണവും വിതരണവും നിലവിൽ ഏത് ഏജൻസി മുഖേനയാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) മണൽവാരലുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ നദികളിൽ നിന്നും വ്യാപകമായി അനധികൃത മണലൂറ്റ് നടക്കുന്ന കാര്യം അറിവുള്ളതാണോ; ഇത് തടയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) നദീതട സംരക്ഷണ നിയമം സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ; ഇതിന്റെ ഭാഗമായി എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ഇ) നദീതട സംരക്ഷണ നിയമത്തിലെ വ്യവസ്ഥ പ്രകാരം പ്രത്യേക സംരക്ഷണസേന രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

**<u>കരാറുകാർക്ക് കുടിശ്ശിക കൊടുത്തു തീർക്കാത്തിന്റെ കാരണങ്ങൾ</u>**

*404 ശ്രീ. മാത്യു റ്റി. തോമസ്
ശ്രീമതി. ജമീലാ പ്രകാശം
ശ്രീ. സി. കെ. നാണു.
'' ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് പണികളുടെ എസ്റ്റിമേറ്റ് തുകയിൽ നിന്ന് കുറഞ്ഞ നിരക്കിൽ ദർഘാസ് സമർപ്പിക്കുന്ന രീതി കുറഞ്ഞു വരുന്നത് കരാറുകാർക്ക് കുടിശ്ശിക തീർത്ത് കൊടുക്കാത്തതുകൊണ്ടാണ് എന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ;

(ബി) മരാമത്ത് കരാറുകാർ എന്തെല്ലാം ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടാണ് സമരം നടത്തിയത്?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

ദേശീയപാതാവികസനത്തിനുള്ള ഭൂമി ഏറ്റെടുക്കൽ മരവിപ്പിച്ച നടപടി

*405 ശ്രീ.കോടിയേരി ബാലകൃഷ്ണൻ
,, എ.കെ.ബാലൻ
ശ്രീമതി കെ.കെ.ലതിക
ശ്രീ. പി.ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയപാതാവികസനത്തിനായുള്ള ഭൂമി ഏറ്റെടുക്കുന്ന നടപടി മരവിപ്പിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം ദേശീയ പാതകളുടെ ഭൂമി ഏറ്റെടുക്കൽ നടപടികളാണ് നിർത്തിവെച്ചിട്ടുളളത്; ഇതിനുളള കാരണം വ്യക്തമാക്കാമോ;

(സി) ദേശീയപാതാവികസനത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് ആകെ എന്തു തുക വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുളളത്; എങ്കിൽ എത്ര എന്നറിയിക്കുമോ;

(ഡി) ഈ ആവശ്യത്തിനായി എന്തു തുക വകയിരുത്തിയിട്ടുണ്ട്?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

ഭൂമിയുടെ ന്യായവിലയും മാർക്കറ്റ് വിലയും തമ്മിലുള്ള അന്തരം

*406 ശ്രീ. റോഷി അഗസ്റ്റിൻ
'' പി. സി. ജോർജ്
'' എം. വി. ശ്രേയാംസ് കുമാർ
'' എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ ന്യായവിലയും മാർക്കറ്റ് വിലയും തമ്മിൽ അന്തരം നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഭൂമിയുടെ ന്യായവില നിശ്ചയിച്ചിട്ടുള്ളതിൽ ഏതെങ്കിലും തരത്തിൽ അപാകതകൾ കടന്നുകൂടിയതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) നിലവിലുള്ള ഭൂമിയുടെ ഫെയർ വാല്യവും മാർക്കറ്റ് വിലയും തമ്മിലുള്ള ഗണ്യമായ അന്തരത്തെക്കുറിച്ച് പഠനം നടത്തി പുതിയ ഫെയർ വാല്യൂ നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>പൊതു വിദ്യാലയങ്ങളിലെ ലൈബ്രറികൾ</u>

*407 ശ്രീ. സി. ദിവാകരൻ
,, ഇ. ചന്ദ്രശേഖരൻ
,, വി. ശശി
ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര പൊതുവിദ്യാലയങ്ങളിൽ ലൈബ്രറികൾ ഉണ്ട്; ഇവയിൽ പ്രവർത്തനക്ഷമമായ ലൈബ്രറികൾ എത്ര;

(ബി) വിദ്യാലയങ്ങളിലെ ലൈബ്രറികളെ സംബന്ധിച്ച എതെങ്കിലും പഠന റിപ്പോർട്ടുകൾ നിലവിലുണ്ടോ; എങ്കിൽ ഈ പഠന റിപ്പോർട്ടിലെ ശുപാർശകൾ എന്തെല്ലാമാണെന്നും അവ നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ;

(സി) വിദ്യാലയങ്ങളിലെ ലൈബ്രറികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 04.02.2014–ലെ മറുപടിക്ക്

<u>കയർതൊഴിലാളികളുടെ കൂലി വർദ്ധനവ്</u>

*408 ശ്രീ. അൻവർ സാദത്ത്
,, സണ്ണി ജോസഫ്
,, എം. എ. വാഹീദ്
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കയർ മേഖലയിൽ തൊഴിലാളികളുടെ കൂലി വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) കയർപിരി മേഖലയിൽ കൂലിവർദ്ധനവിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയത്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഉല്പ്പന്ന മേഖലയിൽ കുറഞ്ഞകൂലി എത്രയായിട്ടാണ് വർദ്ധിപ്പിച്ചത്; വിശദമാക്കുമോ;

(ഡി) തൊഴിലാളികളുടെ കൂലി ബാങ്ക് അക്കൗണ്ട് വഴി നൽകാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
# 04.02.2014–ലെ മറുപടിക്ക്

<u>വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്</u>

*409 ശ്രീ. ജോസ് തെറ്റയിൽ
,, മാത്യു റ്റി. തോമസ്
,, സി.കെ. നാണു
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ തലത്തിലെ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കിനുള്ള കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) കുട്ടികൾ കൂടുതൽ കൊഴിഞ്ഞുപോകുന്ന ജില്ലകൾ ഏതൊക്കെയെന്ന് പരിശോധിച്ച് പരിഹാരനടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) രാജ്യത്ത് ഏറ്റവും കുറഞ്ഞ കൊഴിഞ്ഞുപോക്ക് നിരക്കുള്ള സംസ്ഥാനത്ത് അത് പൂർണ്ണമായും തടയാനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 04.02.2014–ലെ മറുപടിക്ക്

<u>റോഡ് അറ്റകുറ്റപണികളുടെ ആവർത്തന ചെലവുകൾ</u>

*410 ശ്രീ. പി. എ. മാധവൻ
,, ആർ. സെൽവരാജ്
,, വി. റ്റി. ബൽറാം
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡുകളുടെ ദീർഘകാല അടിസ്ഥാനത്തിലുള്ള അറ്റകുറ്റപണികളുടെ ഭാരിച്ച വാർഷിക ആവർത്തനചെലവുകൾ കുറയ്ക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ശബരിമലയിലേയ്ക്കുള്ള റോഡുകളുടെ നിർമ്മാണത്തിലും അറ്റകുറ്റ പണികളിലും അവലംബിച്ച രീതി മറ്റുള്ളവയുടെ കാര്യത്തിലും പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഈ രീതി ഏതെല്ലാം പാതകളിലാണ് പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 04.02.2014–ലെ മറുപടിക്ക്

<u>പാഴായിപോകുന്ന ഭക്ഷ്യ വസ്തുക്കൾ</u>

*411 ശ്രീ. എൻ. എ. നെല്ലിക്കുന്ന്
,, റ്റി. എ. അഹമ്മദ് കബീർ
,, കെ. എം. ഷാജി
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും**
**ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉല്പാദിപ്പിക്കപ്പെടുന്ന ഭക്ഷ്യവിഭവങ്ങളിൽ ശരാശരി മൂന്നിലൊന്നോളം ഭാഗം പാഴായിപ്പോകുന്നുണ്ടെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ഉല്പാദിപ്പിക്കപ്പെടുന്നതോ, അന്യസംസ്ഥാനങ്ങളിൽനിന്നുകൊണ്ടുവരുന്നതോ ആയ ഭക്ഷ്യവസ്തുക്കളിൽ എത്രത്തോളം പാഴായിപ്പോകുന്നുണ്ടെന്നതിന്റെ വിവരശേഖരണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ഭക്ഷ്യ വിഭവങ്ങൾ പാഴാകുന്നതിന്റെ കാരണങ്ങൾ കണ്ടെത്തി അവ പരിഹരിക്കുന്നതിനും അവയുടെ സംരക്ഷണക്കാര്യത്തിലും കാര്യക്ഷമമായ ഉപയോഗക്രമം സ്വീകരിക്കുന്നകാര്യത്തിലും അവബോധം വളർത്തുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

ഹിൽ ഹൈവേയുടെ നിർമ്മാണ പുരോഗതി

*412 ശ്രീ. സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹിൽ ഹൈവേയുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ ;

(ബി) ഹിൽ ഹൈവേയുൾപ്പെടെ പുതിയ റോഡുകൾ റബ്ബറൈസ്ഡ് ടാറിംഗ് നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(സി) ജനവാസമേഖലകളെ കൂടുതലായി ബുദ്ധിമുട്ടിക്കാതെ പുതിയ ആധുനിക പാതകൾ സംസ്ഥാനത്ത് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>പാചകവാതക സബ്സിഡി</u>

*413

ശ്രീ. സി. കൃഷ്ണൻ
,, പി. ശ്രീരാമകൃഷ്ണൻ
,, കെ. കെ. ജയചന്ദ്രൻ
ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാചകവാതക സബ്സിഡിക്ക് ആധാർ നിർബന്ധമാക്കിക്കൊണ്ടുള്ള കേന്ദ്ര സർക്കാർ തീരുമാനത്തോടുള്ള നിലപാട് വ്യക്തമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് കോടതിയിൽ സത്യവാങ്മൂലം സമർപ്പിക്കുകയുണ്ടായോ; വിശദാംശം ലഭ്യമാക്കാമോ;

(സി) ആധാർ നിർബന്ധമാക്കുമ്പോൾ രജിസ്ട്രേഷൻ എടുത്തിട്ടില്ലാത്ത ഉപഭോക്താക്കളുടെ കാര്യത്തിൽ എന്തു തീരുമാനം കൈക്കൊള്ളാനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>വ്യാജരേഖ ചമച്ച് ഹാരിസൺ മലയാളം ലിമിറ്റഡ് ഭൂമി കയ്യേറ്റം</u>

*414 ശ്രീ. പി. റ്റി. എ. റഹീം
,, വി. ശിവൻകുട്ടി
,, ബി. ഡി. ദേവസ്സി
ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യാജരേഖ ചമച്ച് ഹാരിസൺ മലയാളം ലിമിറ്റഡ് ഭൂമി കയ്യേറിയതും വില്പന നടത്തിയതും സംബന്ധിച്ച് ഇതിനകം ഉന്നയിക്കപ്പെട്ട എന്തെല്ലാം ആക്ഷേപങ്ങളാണ് വിജിലൻസ് റിപ്പോർട്ടിലൂടെ സ്ഥിരീകരിക്കപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) വസ്തുതകളും കേസുകളും മറച്ചുവച്ച് ഏതെല്ലാം എസ്റ്റേറ്റുകൾ ഇതിനകം വില്പന നടത്തിയതായി തെളിഞ്ഞിട്ടുണ്ട്;

(സി) വിജിലൻസ് റിപ്പോർട്ടിലെ കണ്ടെത്തലുകളുടെയും ശുപാർശകളുടെയും അടിസ്ഥാനത്തിൽ എന്തെല്ലാം തുടർനടപടി സ്വീകരിക്കുകയുണ്ടായി?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>സ്കൂൾ കായിക മത്സരത്തിൽ പങ്കെടുത്ത കുട്ടികൾക്ക് റാഞ്ചി യിലേയ്ക്കുള്ള യാത്രാ സൗകര്യം ഏർപ്പെടുത്തിയതിൽ വന്ന വീഴ്ച</u>

*T.415 ശ്രീ. തോമസ് ചാണ്ടി
,, എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2014-ലെ അഖിലേന്ത്യാ സ്കൂൾ കായിക മത്സരത്തിൽ പങ്കെടുത്ത കുട്ടികൾക്ക് റാഞ്ചിയിലേയ്ക്കുള്ള യാത്രയ്ക്ക് മതിയായ റിസർവേഷൻ ലഭിക്കാതിരുന്ന തും, അതു കാരണം കുട്ടികൾ ബുദ്ധിമുട്ടിയതുമായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്മേൽ അന്വേഷണം നടത്തിയോ; എന്തു കൊണ്ട് ഇപ്രകാരം സംഭവിച്ചുവെന്ന് വിശദമാക്കാമോ;

(സി) കുട്ടികൾക്ക് റിസർവേഷൻ യഥാസമയം ലഭ്യമാക്കാതി രുന്നവരുടെ പേരിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(ഡി) ഭാവിയിൽ ഇത്തരം വീഴ്ചകൾ സംഭവിക്കാതിരിക്കുന്ന തിനുള്ള മുൻകരുതൽ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

റേഷൻ വിതരണത്തിൽ തടസ്സം

*416 ശ്രീ. കെ.കെ. ജയചന്ദ്രൻ
,, പി.കെ. ഗുരുദാസൻ
,, ജി. സുധാകരൻ
,, സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഷൻ വിതരണത്തിൽ തടസ്സങ്ങളുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ ഫലമായി കാർഡുടമകൾക്ക് റേഷൻ സാധനങ്ങൾ ലഭിക്കാത്തത് അറിവുള്ളതാണോ; റേഷൻ വിതരണം മാറ്റിവയ്ക്കുന്നത് യഥാസമയം ഉപഭോക്താക്കളെ അറിയിക്കാത്തതുകാരണം അവർക്ക് റേഷൻ വാങ്ങാൻ കഴിയുന്നില്ല എന്നതും ആ സാധനങ്ങൾ കരിഞ്ചന്തയിൽ വിൽക്കപ്പെടുന്നതും സംബന്ധിച്ച് അന്വേഷിക്കുമോ;

(സി) ഇത്തരം നടപടികൾ പൊതുജനത്തെ റേഷൻ സമ്പ്രദായത്തിൽനിന്നും അകറ്റി ക്രമേണ റേഷൻ തന്നെ ഇല്ലാതാക്കുമെന്ന ആശങ്ക പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ

## 04.02.2014-ലെ മറുപടിക്ക്

കെ.എസ്.ടി.പി. - രണ്ടാംഘട്ട പ്രവര്‍ത്തനം

*417 ശ്രീ. എ. കെ. ബാലന്‍
,, കെ. സുരേഷ് കുറുപ്പ്
,, എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഏതെല്ലാം പാതകളാണ് കെ.എസ്.ടി.പി.യുടെ രണ്ടാംഘട്ടത്തില്‍ ഉള്‍പ്പെടുത്തിയിട്ടുള്ളത്;

(ബി) രണ്ടാംഘട്ട പ്രവര്‍ത്തനം ആരംഭിക്കുന്നതില്‍ കാലതാമസം നേരിടുകയുണ്ടായോ; എങ്കില്‍ ഇതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പില്‍ ഫണ്ടിംഗ് ഏജന്‍സിയായ ലോകബാങ്കുമായി എന്തെങ്കിലും തര്‍ക്കം നിലനിന്നിരുന്നുവോ; വിശദമാക്കുമോ;

(ഡി) എം. സി. റോഡിന്റെ ഏതൊക്കെ മേഖലകളാണ് രണ്ടാംഘട്ടത്തില്‍ ഉള്‍പ്പെടുത്തിയിട്ടുള്ളത്; ഇത് എത്ര റീച്ചുകളായാണ് കരാര്‍ നല്‍കുന്നത്;

(ഇ) ഈ പ്രവൃത്തിയുടെ കരാര്‍ ഏത് കമ്പനിക്കാണ് നല്‍കിയിട്ടുള്ളത്; ഇതില്‍ എന്തെങ്കിലും തര്‍ക്കമോ വിവാദമോ ഉണ്ടായിരുന്നോ; കാരണം വിശദമാക്കുമോ;

(എഫ്) കെ.എസ്.ടി.പി. രണ്ടാംഘട്ട പ്രവര്‍ത്തനം എന്നത്തേയ്ക്ക് പൂര്‍ത്തിയാക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത് ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

<u>സ്കൂൾ പാഠപുസ്തക വിതരണ സംവിധാനം</u>

*418 ശ്രീ. രാജു എബ്രഹാം
'' സാജു പോൾ
'' ബി. സത്യൻ
'' ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടെക്സ്റ്റ് ബുക്ക് ഓഫീസ് സംവിധാനം നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ പകരം പാഠപുസ്തകവിതരണത്തിന് എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) സ്വകാര്യ ഏജൻസികൾ വഴി ഈ വർഷം പാഠപുസ്തകങ്ങൾ വിതരണം ചെയ്തതിൽ അപാകതകൾ കണ്ടെത്തിയിട്ടുണ്ടോ;

(ഡി) സ്കൂൾ തുറന്ന് ആറ് മാസത്തിനുശേഷവും സ്കൂളുകളിൽ പുസ്തകം ലഭ്യമാകാതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തുകൊണ്ടാണ് ടെക്സ്റ്റ്ബുക്ക് ഡിപ്പോ നിർത്തലാക്കേണ്ടി വന്നതെന്ന് വിശദമാക്കാമോ;

(ഇ) അടുത്ത അദ്ധ്യയനവർഷം പാഠപുസ്തകങ്ങൾ ഏത് ഏജൻസി വഴി വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

# കേരള നിയമസഭ
## 04.02.2014-ലെ മറുപടിക്ക്

'ഭൂരഹിതരില്ലാത്ത കേരളം പദ്ധതി' പ്രകാരം അനുവദിച്ച ഭൂമി

*419 പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. ഇ.പി.ജയരാജൻ
'' എം. ചന്ദ്രൻ
'' കെ. കുഞ്ഞിരാമൻ(ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ഭൂരഹിതരില്ലാത്ത കേരളം പദ്ധതി' പ്രകാരം ഉപഭോക്താക്കൾക്ക് അനുവദിച്ച ഭൂമി വിദൂര ജില്ലകളിലാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ അനുവദിച്ചു നൽകിയിട്ടുള്ള ഭൂമി ഉപഭോക്താക്കൾ ഉപയോഗിക്കാത്ത സാഹചര്യത്തിൽ അവ ഭൂമാഫിയകളുടെ കൈകളിൽ എത്തുമെന്നകാര്യം അറിവുള്ളതാണോ;

(സി) ഭൂരഹിതരായ ജനങ്ങൾക്ക് അവരുടെ ജില്ലകളിൽ തന്നെ ഭൂമി കണ്ടെത്തി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) കാസർഗോഡ് ജില്ലയിൽ ഇതിനായി 30,000 ലേറെ പ്ലോട്ടുകൾ കണ്ടെത്തിയിട്ടുള്ള കാര്യം അറിവുള്ളതാണോ;

(ഇ) ഇവയുടെ വിതരണം എപ്രകാരം ആയിരിക്കുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 04.02.2014-ലെ മറുപടിക്ക്

<u>സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട്</u>

*420 ശ്രീ. ജോസഫ് വാഴക്കൻ
,, റ്റി. എൻ. പ്രതാപൻ
,, അൻവർ സാദത്ത്
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(ബി) റോഡിന്റെ നിലവാരം ഉയർത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങളെന്തെല്ലാം;

(സി) എത്ര കിലോമീറ്റർ റോഡാണ് പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(ഡി) പ്രോജക്ടിന്റെ നടത്തിപ്പിന് ഏതുതരം പങ്കാളിത്തമാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങളെന്തെല്ലാം;

(ഇ) ഏത് മാതൃകയിലാണ് ഇത് നടപ്പാക്കാനുദ്ദേശിക്കുന്നത് വിശദമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2014 ജനുവരി 26.

<u>പ്രത്യേക ശ്രദ്ധയ്ക്ക്</u>: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്.

[ചട്ടം 47(1)].

‘T’ ഇന്നത്തേയ്ക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.